## കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3721/2020-EB(1)

തിരുവനന്തപുരം, തീയതി : 07.07.2021
website: www.cooperation.kerala.gov.in
e-mail: keralarcs@gmail.com

വിഷയം: കോവിഡ് 19 - വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ആഫീസുകളുടെ പ്രവർത്തനം - പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:1) സർക്കാരിന്റെ 06.07.2021-ലെ ജി.ഒ(ആർ.റ്റി) നം. 500/2021/ ഡിഎംഡി നമ്പർ ഉത്തരവ്.
2) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ)-യെ 16.06.2021- ലെ ഇതേ നമ്പർ ഉത്തരവ്.

..........

കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളെ A,B,C,D കാറ്റഗറിയായി നിശ്ചയിച്ച് ടി പ്രദേശങ്ങളിൽ സർക്കാർ ജീവനക്കാരുടെ ഹാജർ A,B കാറ്റഗറിയിൽ ജീവനക്കാരുടെ എണ്ണം 100% ഉം C കാറ്റഗറിയിൽ 50% ആയും നിശ്ചയിച്ച പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം ഉത്തരവനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും, സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് ആഫീസുകളിലും ഉദ്യോഗസ്ഥർ ഹാജരാകുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം A,B കാറ്റഗറിയിൽ ഉൾപ്പെടുന്ന

പ്രദേശങ്ങളിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആഫീസുകളിൽ ജീവനക്കാരുടെ എണ്ണം 100% ആയും C കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ആഫീസുകളിലെ ജീവനക്കാരുടെ എണ്ണം 50% ആയി നിശ്ചയിച്ച ഇതിനാൽ ഉത്തരവാകുന്നു. അതത് ആഫീസ് മേലധികാരികൾ ഇതു സംബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ഗസറ്റഡ് ഉദ്യോഗസ്ഥർ, സെക്ഷൻ സൂപ്രണ്ട്, ആഫീസ് സൂപ്രണ്ട് എന്നിവരുടെ കാര്യത്തിൽ പരാമർശം (2) ഉത്തരവിലെ നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
ഡികൃഷ്ണകുമാർ.
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

പകർപ്പ്:-

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും,
4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
7) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും,
8) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)